കൃഷി നടത്തുക. സ്വകാര്യഭൂമിയിൽ ഘനമരങ്ങളും വേഗത്തിൽ വളരുന്ന തടിമരങ്ങളും നട്ടുവളർത്തുന്നതിന് സാങ്കേതിക ജ്ഞാനവും സഹായവും നൽകുക. കാവുകളും സസ്യോദ്യാനങ്ങളും നിലനിർത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും വേണ്ട പ്രോൽസാഹനം നൽകുക. ടി കാര്യങ്ങൾ നടപ്പിലാക്കുന്നതിനാവശ്യമായ പ്രചാരണ പരിപാടികളും ബോധവൽക്കരണ ക്ലാസ്സുകളും സംഘടിപ്പിക്കുക. മുതലായവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്. വനപ്രദേശത്തോടനുബന്ധിച്ച് മാത്രമല്ല സർക്കാർ ഉടമയിലുള്ള മറ്റു തരിശു ഭൂമികളിലും കാഴ്ച വനങ്ങളും കേളീവനങ്ങളും വളർത്തിയെടുക്കുക എന്നതും പദ്ധതിയുടെ പ്രധാനലക്ഷ്യങ്ങളിലൊന്നാണ്.

(ബി) വനവൽക്കരണം ത്വരിതപ്പെടുത്തി വനേതര മേഖലകളിൽ മരങ്ങൾ കൂടുതലായി വളർത്തി കേരളത്തിന്റെ വനവിസ്തൃതി 5% കൂട്ടുക എന്നതാണ് പാർപ്പിട വനവൽക്കരണ പദ്ധതിയുടെ ലക്ഷ്യം. ഇതിനുവേണ്ടി സ്വകാര്യഭൂമി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നില്ല.

(സി) ജനങ്ങളുടെ ഇടയിൽ സർവ്വേ നടത്തി അവർ താൽപ്പര്യപ്പെടുന്ന വൃക്ഷത്തൈകളാണ്. വനവൽക്കരണത്തിനുപയോഗിക്കുന്നത്. തേക്ക്, ഈട്ടി, ചന്ദനം, മഹാഗണി, മാവ്, പ്ലാവ്, പതിമുഖം, വേപ്പ്, നെല്ലി, കണിക്കൊന്ന, ആഞ്ഞിലി, തുടങ്ങിയവയാണ് ജനങ്ങൾ ആവശ്യപ്പെടുന്ന പ്രധാന വൃക്ഷത്തൈകൾ.

മൂവാറ്റുപുഴ വാലി ജലസേചന പദ്ധതി

51 (3260) ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. പി. സി. ജോർജ് :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂവാറ്റുപുഴ വാലി ജലസേചന പദ്ധതിയുമായി ബന്ധപ്പെട്ട ഏതെങ്കിലും റിപ്പോർട്ട് നഷ്ടപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയുടെ റിപ്പോർട്ട് ആദ്യമായി തയ്യാറാക്കപ്പെട്ടത് എപ്പോഴായിരുന്നു ; പ്രസ്തുത റിപ്പോർട്ട് ഇപ്പോൾ സർക്കാരിൽ ലഭ്യമാണോ ; പരിഷ്കരിച്ച റിപ്പോർട്ട് ലഭ്യമാക്കുമോ ;

(സി) പദ്ധതി പ്രവർത്തനം പൂർണ്ണതോതിൽ കമ്മീഷൻ ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) റിപ്പോർട്ട് ആദ്യമായി തയ്യാറാക്കിയത് 1974-ൽ ആണ്. പരിഷ്കരിച്ച റിപ്പോർട്ട് ഡിസൈൻ വിഭാഗത്തിന്റെ പരിശോധനയിലാണ്.

(സി) സ്ഥലമെടുപ്പ് നിർമ്മാണ ജോലികൾ ത്വരിതപ്പെടുത്തിയും കോടതി വ്യവഹാരങ്ങളും വിജിലൻസ് കേസുകളും തീർപ്പാക്കിയെടുത്തും പദ്ധതി 2006-ൽ പൂർണ്ണതോതിൽ കമ്മീഷൻ ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly